

പ്രഭാഷണം

ഡോ. യൂസുഫുല്‍ ഖറദാവി

# ഫലസ്തീന്‍ വിജയിക്കുകതന്നെ ചെയ്യും

ഒരു പുതിയ വര്‍ഷം കൂടി പിറന്നിരിക്കുന്നു. ഓരോ പുതുവര്‍ഷം പിറക്കുമ്പോഴും വിശ്വാസികള്‍ക്ക് ചിന്തിക്കാനും പഠിക്കാനും പലതുമുണ്ട്. മക്കയില്‍നിന്നും മദീനയിലേക്ക് നബി(സ) നടത്തിയ ഹിജ്റ (പലായനം) തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്രവാചകന്റെ ഹിജ്റയില്‍ മുഖ്യമായ ചില പാഠങ്ങളുണ്ട്. മനുഷ്യന് തന്റെ ആദര്‍ശമാണ് ഏറ്റവും വിലപ്പെട്ടത് എന്നതാണവയിലൊന്ന്. തന്റെ കുടുംബത്തെക്കാളും സ്വത്തിനെക്കാളുമെല്ലാം അവന്‍ ആദര്‍ശത്തെ സ്നേഹിക്കുന്നു. പ്രവാചകനെയും വിശ്വാസികളെയും സംബന്ധിച്ചേടത്തോളം അവരുടെ പ്രിയപ്പെട്ട അനുഗൃഹീത നാടായിരുന്നു മക്ക. പക്ഷേ തങ്ങളുടെ ആദര്‍ശവുമായി അവിടെ പുലരാന്‍ കഴിയില്ല എന്നു വന്നപ്പോള്‍, ആദര്‍ശം മുറുകെപ്പിടിച്ച് അതിന്റെ താല്‍പര്യങ്ങള്‍ക്കനുസൃതമായി ജീവിക്കാന്‍ കഴിയുന്ന നാട്ടിലേക്കവര്‍ പോയി. അല്ലാഹുവിലേക്കും റസൂലിലേക്കുമാണവര്‍ പോയത്. *സൂറ അത്തൗബ*യിലെ ഇരുപത്തിനാലാം ആയത്ത് നോക്കുക. താന്‍ ഏറ്റം പ്രിയമായി കരുതുന്ന മാതാപിതാക്കള്‍, മക്കള്‍, ഇണകള്‍, സഹോദരങ്ങള്‍... ഇതെല്ലാം ഒരു തട്ടിലും, മറുതട്ടില്‍ അല്ലാഹുവിനെയും റസൂലിനെയും, അല്ലാഹുവിന്റെ മാര്‍ഗത്തിലുള്ള ത്യാഗപരിശ്രമങ്ങളെയും (ജിഹാദ്) വെച്ചാല്‍ വിശ്വാസി തെരഞ്ഞെടുക്കുക അല്ലാഹുവിനെയും റസൂലിനെയും ജിഹാദിനെയുമായിരിക്കും. അതാണ് നാം പ്രവാചകാനുയായികളുടെ ചരിത്രത്തില്‍ കാണുന്നത്. 'ഞങ്ങളുടെ നാഥന്‍ അല്ലാഹുവാണ്' എന്ന് പറഞ്ഞതിന്റെ പേരില്‍ മാത്രം അവര്‍ പീഡിപ്പിക്കപ്പെട്ടു. അപ്പോള്‍ അവര്‍ ദീന്‍ തെരഞ്ഞെടുക്കുകയും പകരമായി ബാക്കിയെല്ലാം ബലിയര്‍പ്പിക്കുകയും ചെയ്തു.

വിശ്വാസികൾക്ക് അല്ലാഹുവിന്റെ സഹായം ലഭ്യമാവുക തന്നെ ചെയ്യും എന്നതാണ് മറ്റൊരു പാഠം. മനുഷ്യസാധ്യമായ എല്ലാ ഒരുക്കങ്ങളും ആസൂത്രണങ്ങളും പ്രവാചകൻ ഹിജ്റക്കുവേണ്ടി നിർവഹിച്ചു. ഏതു നാട്ടിലേക്ക് പോകണം, ഏതു വഴി തെരഞ്ഞെടുക്കണം, തന്നെ സഹായിക്കാൻ ഏത് ഗോത്രങ്ങളാണ് സന്നദ്ധമാവുക എന്ന കാര്യങ്ങളെല്ലാം കൃത്യപ്പെടുത്തി. അങ്ങനെ യാത്രാമധ്യേ സൗർ ഗുഹയിൽ പ്രവേശിച്ചു.

അത്ഭുതം! ശത്രുക്കൾക്ക് അവിടം വരെ എത്തിപ്പെടാൻ സാധിച്ചു. അബൂബക്കർ(റ) റസൂലിനോട് വേവലാതിപ്പെട്ടു: "അവരിലൊരാൾ തന്റെ കാൽ പാദങ്ങളിലേക്ക് കുനിഞ്ഞു നോക്കിയാൽ നമ്മെ കണ്ടതുതന്നെ". എന്നാൽ അങ്ങനെയൊന്നും സംഭവിച്ചില്ല. അവിടം വരെ എത്തിയിട്ടും ഗുഹയിലേക്ക് എത്തിനോക്കാൻ അവരിലാർക്കും തോന്നിയില്ല. ഗുഹാമുഖത്ത് പ്രാവ് കൂടുകൂട്ടിയതും ചിലന്തിവലയും കണ്ടിട്ടാണ് അവർ പിന്തിരിഞ്ഞത് എന്ന് പറയുന്ന കഥകൾക്ക് യാതൊരടിസ്ഥാനവുമില്ല. മറിച്ച് അദൃശ്യസൈന്യത്തെ കൊണ്ട് അല്ലാഹു തന്റെ ദൂതനെ സഹായിക്കുകയായിരുന്നു (സൂറ തൗബ 40 നോക്കുക). അബൂബക്കറിന്റെ ഭയത്തെക്കുറിച്ച് പ്രസ്തുത സൂക്തത്തിൽ പറയുന്നുണ്ട്. പ്രവാചകന്റെ ജീവനെക്കുറിച്ചും ദീനിന്റെ രക്ഷയെക്കുറിച്ചുമായിരുന്നു അദ്ദേഹത്തിന്റെ ഭയം. ഒരിക്കലും സ്വന്തത്തെക്കുറിച്ച ചിന്തയായിരുന്നില്ല അബൂബക്കറിനെ അലട്ടിയത്. "മൂന്നാമനായി അല്ലാഹുവുള്ള രണ്ടു പേരെക്കുറിച്ച് നിന്റെ വിചാരമെന്ത്, അബൂബക്കറേ" എന്നു റസൂൽ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. "നീ ഭയക്കേണ്ടതില്ല, അല്ലാഹു നമ്മോടൊപ്പമുണ്ട്" എന്ന് ഖുർആൻ റസൂലിനെ ഉദ്ധരിക്കുന്നുണ്ട്. ജ്ഞാനംകൊണ്ട് അല്ലാഹു എല്ലാ സൃഷ്ടികളോടുമൊപ്പമുണ്ട്. എന്നാൽ അവന്റെ സ്നേഹിതന്മാരെ പരിപാലിച്ചും സേവിച്ചും സംരക്ഷിച്ചും അവൻ അവരോടൊപ്പമുണ്ടാകും. അതാണ് പ്രസ്തുത സൂക്തങ്ങളിൽ പരാമർശിക്കുന്നത്.

ബുഷിന്റെ മുഖത്തേക്ക് ചെരുപ്പ് വലിച്ചെറിയപ്പെട്ട അഭിമാന മുഹൂർത്തത്തോടെയാണ് നാം പുതുവർഷമാരംഭിച്ചത്. ബദ്റിൽ വിജയം നേടിയതിനു സമാനമായ ഒരു സംഭവമായിരുന്നു അത്. മുൻതദിർ പ്രകടിപ്പിച്ചത് സമൂഹത്തിന്റെ മൊത്തം വികാരമായിരുന്നു. പ്രസ്തുത ചെരുപ്പിനെ സംബന്ധിച്ച് സുഊദിയിൽ മാത്രം ഇരുന്നൂറിൽപരം കവിതകൾ രചിക്കപ്പെട്ടതായി കേൾക്കുന്നു. സാമ്രാജ്യത്തിനെതിരിലുള്ള നമ്മുടെ ബോംബുകളും മിസൈലുകളും ചെരുപ്പുകളാണ്.

അതിനു ശേഷം ഗസ്സയിൽനിന്ന് അസ്വസ്ഥജനകമായ വാർത്തകൾക്കാണ് നാം കാതോർത്തത്. ഇസ്രയേലിന്റെ



## ഗസ്സക്കുവേണ്ടി പണ്ഡിതന്മാരുടെ നിവേദകസംഘം

**ലോക** മുസ്‌ലിം പണ്ഡിത വേദി അധ്യക്ഷൻ ഡോ. യൂസുഫുൽ ഖറദാവിയുടെ നേതൃത്വത്തിലുള്ള പണ്ഡിത സംഘം ഗസ്സയിൽ ഇസ്രയേൽ തുടരുന്ന കൂട്ടക്കുരുതിക്കെതിരെ ഫലപ്രദമായ നടപടി കൈക്കൊള്ളാൻ അറബ് നേതൃത്വത്തെ പ്രേരിപ്പിക്കുന്നതിന് വേണ്ടിയുള്ള പര്യടനം തുടരുന്നു. ദോഹയിൽ നിന്ന് പര്യടനം തുടങ്ങിയ സംഘം സുഊദിയിലെ അബ്ദുല്ല രാജാവ്, സിറിയൻ പ്രസിസന്റ് ബശ്ശാറുൽ അസദ്, ജോർദാനിലെ അബ്ദുല്ല രണ്ടാമൻ എന്നിവരെ സന്ദർശിച്ചു. ജനുവരി ആറിന് വൈകുന്നേരം അമ്മാനിൽ നിന്ന് കയ്റോയിലെത്തിയ സംഘം ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക്, അറബ് ലീഗ് സെക്രട്ടറി ജനറൽ അംറ് മൂസാ എന്നിവരുമായി ചർച്ച നടത്തും. സംഘം തുർക്കിയും സന്ദർശിക്കും.

സിറിയൻ തലസ്ഥാനമായ ദമസ്കസിൽ സംഘം ഖാലിദ് മിശ്അലിന്റെ നേതൃത്വത്തിലുള്ള ഫലസ്ത്വീൻ പോരാളി സംഘടനാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. സംഘത്തെ സ്വീകരിച്ച ഖാലിദ് മിശ്അൽ, ഫലസ്ത്വീൻ പ്രശ്നത്തോടുള്ള ലോക മുസ്‌ലിം പണ്ഡിത വേദിയുടെ ഐക്യദാർഢ്യത്തെയും ഫലസ്ത്വീനനുകൂലമായി മുസ്‌ലിം ലോകത്തെ ബോധവത്കരിക്കാൻ അത് നടത്തുന്ന ശ്രമങ്ങളെയും പ്രത്യേകം എടുത്തു പറഞ്ഞു. ഖറദാവിയെ കൂടാതെ ഡോ. മുശീർ അബ്ദുർറഹ്മാൻ സിവാറുദ്ദഹബ് (മുൻ സുഡാൻ പ്രസിഡന്റ്), അബ്ദുല്ലാ ഉമർ നസ്വീഫ് (സുഊദി ശൂറാ മുൻ ഉപാധ്യക്ഷൻ), ഡോ. മുഹമ്മദ് ഹിദായത്ത് നൂർ വഹീദ് (ഇന്തോനേഷ്യൻ പാർലമെന്റ് സ്പീക്കർ), ഡോ. നസ്വർ ഫരീദ് വാസ്വിൽ (ഈജിപ്തിലെ മുൻ മുഫ്തി), ഡോ. അബ്ദുൽ വഹാബ് ദുലൈമി (പ്രഫ. യമൻ യൂനിവേഴ്സിറ്റി), ഡോ. അലി ഖുർറദാഗി (പ്രഫ. ഖത്തർ യൂനിവേഴ്സിറ്റി) തുടങ്ങി പതിനൊന്ന് പ്രമുഖർ സംഘത്തിലുണ്ട്. (7.01.2009)

നിഷ്ഠുരമായ അക്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. എന്നാൽ ലോകം ഇപ്പോഴും മൗനം വെടിയാൻ തയാറായിട്ടില്ല. ഇസ്രയേലിന് എന്തക്രമവും ചെയ്യാൻ പച്ചക്കൊടി കാട്ടിയ എത്രയോ പേർ അറബ് -മുസ്‌ലിം ലോകത്തുമുണ്ട്! ഹമാസ് സമാധാനം ഭഞ്ജിച്ചു എന്നാണവർ പറയുന്നത്. എന്നാൽ കാര്യം വ്യക്തമാണ്. ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ കൊന്നുകൊണ്ടേയിരിക്കുക, അവരെ പട്ടിണിക്കിടുകയും പീഡിപ്പിക്കുകയും ചെയ്യുക, എന്നിട്ടവരുടെ കൈ ബന്ധിച്ച് വെക്കുക. ഇതെന്തുതരം സമാധാനമാണ്? ആക്രമണത്തിനു മുമ്പ് കുറെ കാലമായി തുടർന്നുകൊണ്ടിരിക്കുന്നതെന്താണെന്ന് നാമെല്ലാം കണ്ടതാണ്. വെള്ളവും വൈദ്യുതിയും ഭക്ഷണവും ഔഷധവുമില്ലാതെ ഗസ്സ നരകിക്കുകയായിരുന്നു. ഈ അവസ്ഥയിൽ ജനം എന്തു ചെയ്യും? ഇതെങ്ങനെ സഹിക്കാൻ കഴിയും? മുസ്‌ലിംകളുടെ കൈവശമുള്ള റഫാ അതിർത്തി വരെ അടച്ചു എന്നു പറഞ്ഞാൽ എത്ര ഗുരുതരമാണ് കാര്യങ്ങൾ! ഒരു വിശ്വാസിസമൂഹത്തെ ആരെങ്കിലും ആക്രമിച്ചാൽ ശത്രുവിനെ തനിച്ച് നേരിടാൻ കഴിഞ്ഞില്ലെങ്കിൽ അവരെ സഹായിക്കേണ്ടത് മറ്റു മുസ്‌ലിംകളുടെ ബാധ്യതയായാണ് ഇസ്‌ലാം എണ്ണുന്നത്. ഇവിടെ ആണവായുധം ഉൾപ്പെടെയുള്ള സന്നാഹങ്ങളുമായി അമേരിക്കയുടെ സഹായത്തോടെ എതിരെ വരുന്ന ശത്രുവിനെ നേരിടാൻ ഫലസ്ത്വീനികൾ അശക്തരാണ്. അതിനാൽ സാധ്യമാകുന്ന രീതിയിൽ ആയുധംകൊണ്ടും ധനംകൊണ്ടും സൈനിക ശക്തി കൊണ്ടും പ്രാർഥന കൊണ്ടും ശത്രുക്കളുടെ ഉൽപന്നങ്ങൾ ബഹിഷ്കരിച്ചുകൊണ്ടും അവരെ സഹായിക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയാണ്. ഗസ്സയിലെ ജനം ഉപരോധത്തിൽ വിങ്ങുകയായിരുന്നു. ഇപ്പോൾ അവർക്കെതിരെ നഗ്നമായ കടന്നാക്രമണം നടക്കുന്നു. രണ്ടാലൊരു മരണം തെരഞ്ഞെടുക്കാൻ അവർ നിർബന്ധിതരായിരിക്കുന്നു. ഒന്നുകിൽ ഉപരോധത്തിനിരയായി, അല്ലെങ്കിൽ വെടിയുണ്ടയും മിസൈലുമേറ്റ്.

1948ലെ യുദ്ധത്തിൽ ഏഴു രാജ്യങ്ങളടങ്ങുന്ന അറബ് സഖ്യസൈന്യം ഫലസ്ത്വീനെ സഹായിക്കാൻ വേണ്ടി ഇസ്രയേലിനോടേറ്റുമുട്ടി. എന്നാലിന്ന് 25 അറബ് രാജ്യങ്ങളും നോക്കുകുത്തികളാണ്. മുമ്പൊരിക്കലും ഇതിന് സമാനമായ നിസ്സംഗത ദൃശ്യമായിട്ടില്ല. ഗസ്സക്ക്



## ഗസ്സക്കാർക്കു വേണ്ടി ഖുനൂത്ത് ഓതുക

ഗസ്സയിലെ നമ്മുടെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാർക്കു വേണ്ടി എല്ലാ ഫർദു നമസ്കാരങ്ങളിലും ഖുനൂത്ത് നടത്തേണ്ടത് അനിവാര്യമാണ്. ക്രൂരമായ അക്രമങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാകുന്ന എല്ലാ നിരപരാധികൾക്കും അല്ലാഹുവിന്റെ സഹായവും കാരുണ്യവും ലഭിക്കാൻ വേണ്ടി നാം പ്രാർഥിക്കണം. വിശ്വാസികൾക്ക് സമാനമായ ദുരിതങ്ങളും പ്രയാസങ്ങളുമുണ്ടാവുമ്പോൾ പ്രവാചകൻ (സ) ഖുനൂത്ത് നടത്താറുണ്ടായിരുന്നു എന്നതിന് വിശ്വാസയോഗ്യമായ തെളിവുണ്ട്. എല്ലാ സന്ദർഭങ്ങളിലും നമ്മുടെ നിരന്തരമായ പ്രാർഥനയും സഹായങ്ങളും ഗസ്സാ നിവാസികൾക്കാവശ്യമുണ്ട്.

ഡോ. സാനോ ഖുത്ബ് മുസ്ത്വഫ
(ഡെ. ചെയർമാൻ, ഇന്റർനാഷ്നൽ ഫിഖ്ഹ് അക്കാദമി.
കർമശാസ്ത്ര വിഭാഗം പ്രഫസർ, മലേഷ്യൻ ഇന്റർനാഷ്നൽ യൂനിവേഴ്സിറ്റി)

ദുരന്തങ്ങളുടെയും ദുരിതങ്ങളുടെയും സന്ദർഭങ്ങളിൽ, നിർബന്ധ നമസ്കാരങ്ങളിൽ ഖുനൂത് നിർവഹിക്കാൻ അനുവാദമുണ്ട്. മുസ്‌ലിംലോകം ഇപ്പോൾ കടുത്ത ഒരു ദുരന്തത്തിലൂടെയാണ് കടന്നുപോകുന്നത്. അതിനാൽ ഫർദ് നമസ്കാരങ്ങളിൽ ഖുനൂത് നിർവഹിക്കുക എന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു: "അല്ലാഹുവിന്റെ ദൂതൻ ഒരു മാസം തുടർച്ചയായി അഞ്ചു നേരത്തെ നമസ്കാരങ്ങളിലും ഖുനൂത് നിർവഹിച്ചു. എല്ലാ നമസ്കാരങ്ങളിലെയും അവസാനത്തെ 'സമിഅല്ലാഹു ലിമൻ ഹമിദ'ക്കു ശേഷം രിഅ്ല് ദക്‌വാൻ ഗോത്രങ്ങൾക്കും ബനൂ സുലൈം ഗോത്രത്തിലെ ഉസിയ്യക്കുമെതിരെ ശാപപ്രാർഥന നടത്തുമായിരുന്നു. പിന്നിൽ നിൽക്കുന്ന ജനങ്ങൾ ആമീൻ പറയുകയും ചെയ്യും."

(അബ്ദുൽ മജീദ് സുബ്ഹ്, അൽ-അസ്ഹർ യൂനിവേഴ്സിറ്റി)

വേണ്ടി ഒന്നിച്ചുനിൽക്കാനുള്ള ചില രാജ്യങ്ങളുടെ ആഹ്വാനങ്ങൾ പോലും ബധിര കർണങ്ങളിലാണ് പതിച്ചത്.

ആപത്ഘട്ടത്തിലാണ് യഥാർഥ ചങ്ങാതിയെ തിരിച്ചറിയുക. ആപത് സന്ധികളിൽ സഹായിക്കാത്തവൻ യഥാർഥ സുഹൃത്തല്ല. ഗസ്സയിലെ ദുരന്തത്തേക്കാൾ വലിയ ഏതു ആപത് സന്ധിയാണിനി വരാനുള്ളത്? ഉപരോധം ലംഘിക്കാനും യുദ്ധത്തിന്റെ അഗ്നി കെടുത്താനും നാം മുസ്‌ലിം നേതൃത്വത്തോടാവശ്യപ്പെടുന്നു. അതിനു വേണ്ടി യൂറോപ്യൻ യൂനിയനെയും ഐക്യരാഷ്ട്ര സഭയെയും സമീപിക്കുക. എവിടെ രക്ഷാസമിതി? അറബ്-മുസ്‌ലിം രക്തത്തിന് യാതൊരു വിലയുമില്ല എന്ന് പ്രഖ്യാപിക്കുന്ന നിലപാടാണ് അത് സ്വീകരിച്ചിട്ടുള്ളത്. എവിടെ യൂറോപ്യൻ യൂനിയൻ? സത്യത്തിനു വേണ്ടി ഗിരിപ്രഭാഷണം നടത്തുന്നവരെവിടെ? ഫലസ്ത്വീനികൾക്കാവശ്യമായ എല്ലാ മാനുഷിക സഹായം എത്തിച്ചുകൊടുക്കാനും നാമാവശ്യപ്പെടുന്നു.

ബഹിഷ്കരണം പുനരാരംഭിക്കണം. നാം പലപ്പോഴും ബഹിഷ്കരണം നടത്താറുണ്ട്. എന്നാൽ വളരെപ്പെട്ടെന്ന് നാം എല്ലാം മറന്നുപോകുന്നു. ഇസ്‌ലാമിനോടും മുസ്‌ലിം സമൂഹത്തോടും ശത്രുത പുലർത്തുന്ന എല്ലാവരുടെയും ഉൽപന്നങ്ങൾ ബഹിഷ്കരിക്കപ്പെടണം. അവർക്ക് കൊടുക്കുന്ന ഓരോ ദിർഹമും ദീനാറും ഡോളറും ഫലസ്ത്വീനിലെയും മറ്റിടങ്ങളിലെയും സഹോദരങ്ങളുടെ മാറിടങ്ങളിലേക്ക് വെടിയുണ്ടകളായി നിറയൊഴിക്കപ്പെടുകയാണ്.

അല്ലാഹു തുണച്ചാൽ നാം വിജയിക്കും തീർച്ച! ഫലസ്ത്വീനികൾക്കാവും വിജയം എന്ന സന്ദേശം ഞാനവർക്ക് കൈമാറുകയാണ്. കാരണം അവർ സത്യത്തിന്റെ പക്ഷത്താണ്. അവരുടെ ശത്രു അക്രമത്തിന്റെ പക്ഷത്തും. കുറച്ചുകാലത്തെ അവധിക്കുശേഷം അല്ലാഹു ശക്തമായി അക്രമിയെ പിടികൂടുകതന്നെ ചെയ്യും. സൂറ *അൽഫജ്റി*ന്റെ ആദ്യഭാഗത്ത് ഇത്തരം അക്രമികളുടെ പരിണതിയെക്കുറിച്ച് പറയുന്നുണ്ട്. അവർ ചെയ്യുന്നതിനെക്കുറിച്ച് അല്ലാഹു ഒട്ടും അശ്രദ്ധനല്ലതന്നെ. സത്യം വിജയിക്കും; നിഷ്ഠുര ശക്തിക്കു മുന്നിൽ ഏതാനും നാൾ അത് മറഞ്ഞുകിടന്നാലും.

സ്വാതന്ത്ര്യ പോരാട്ടത്തെ ചോരയിൽ മുക്കിക്കൊല്ലാനാണ് ഇസ്രയേൽ ശ്രമിച്ചുകൊണ്ടിരുന്നത്. എന്നാൽ ഫലസ്ത്വീൻ ജനത കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹമാസിനെ തെരഞ്ഞെടുത്തതിലൂടെ പോരാട്ടത്തെ ഇരു കൈയും നീട്ടി സ്വീകരിക്കുകയായിരുന്നു. ശത്രുവിന്റെ മുന്നിൽ തലകുനിച്ചു നിന്ദ്യരായി കീഴടങ്ങിയ ഭീരുക്കളെ അവർ കൈയൊഴിഞ്ഞു. അത്ഭുതകരമായ രൂപത്തിൽ വമ്പിച്ച പിന്തുണയാണവർ ഹമാസിന് നൽകിക്കൊണ്ടിരിക്കുന്നത്. ഈ ജനത അതിജയിക്കുകതന്നെ ചെയ്യും. "അല്ലാഹു നിങ്ങളെ സഹായിച്ചാൽ, നിങ്ങളെ അതിജയിക്കാൻ ആർക്കും കഴിയില്ല" (ഖുർആൻ). മുസ്‌ലിംകൾക്ക് വേദനിക്കുന്നുണ്ട്. അവർ ദുരന്തങ്ങളും പ്രയാസങ്ങളും നേരിട്ടിട്ടുണ്ട്. പക്ഷേ അവർ പരാജയപ്പെട്ടിട്ടില്ല.

ഒരു ഘട്ടത്തിൽ പത്തു ലക്ഷം വരുന്ന കുരിശുസൈന്യം ഫലസ്ത്വീനിൽ അധിനിവേശം നടത്തി. പക്ഷേ, നൂറുദ്ദീൻ മഹ്മൂദ് അവരെ അതിജയിച്ചു. പിന്നീടും അക്രമങ്ങളരങ്ങേറി. നമസ്കാരം പോലും നിർവഹിക്കപ്പെടാനാവാതെ മസ്ജിദുൽ അഖ്സ്വാ തൊണ്ണൂറ്റിയൊന്നു കൊല്ലം ശത്രുക്കളുടെ കൈവശമിരുന്നു. പിന്നീട് സ്വലാഹുദ്ദീൻ അയ്യൂബി അവരെ തുരത്തി.

അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് നയിക്കുന്നതിൽ പണ്ഡിതന്മാർക്ക് വളരെ സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. അബൂബക്കറും ഉമറും ഉസ്മാനും അലിയും ഖാലിദുബ്നു വലീദു(റ) മൊന്നും പോരാളികൾ മാത്രമായിരുന്നില്ല, പണ്ഡിതന്മാരുമായിരുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ പോരാടി. ഇസ്സുദ്ദീനിബ്നു അബ്ദിസ്സലാമും ഇസ്സുദ്ദീനിൽ ഖസ്സാമുമെല്ലാം വിവിധ കാലങ്ങളിൽ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തവരായിരുന്നു.

നമുക്ക് രക്തസാക്ഷികളുണ്ടായിട്ടുണ്ട്. തീർച്ചയായും ഇത് നഷ്ടമല്ല. അല്ലാഹു അവരെ രക്തസാക്ഷികളായി സ്വീകരിച്ചതാണ്. അവർ ദൈവത്തിങ്കൽ ജീവിച്ചിരിക്കുന്നവരാണ്. അല്ലാഹു അവർക്ക് അന്നപാനീയങ്ങൾ നൽകുന്നുണ്ട്. യഹൂദ കുതന്ത്രങ്ങൾക്കെതിരിൽ നാം വിജയിക്കുകതന്നെ ചെയ്യും. നീതിക്കും സത്യത്തിനുമെതിരിൽ അതിക്രമികൾക്ക് വിജിക്കാനാവില്ല തന്നെ. ■

(2009 ജനുവരി 2-ന് ദോഹയിലെ ഉമറുബ്നുൽ ഖത്ത്വാബ് പള്ളിയിൽ നടത്തിയ ജുമുഅ പ്രസംഗത്തിന്റെ സംഗ്രഹം).